പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *30** **28/05/2019-ൽ മറുപടിക്ക്**

## ആരോഗ്യരംഗത്തെ ജാഗ്രത

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**
**,, എൻ. ഷംസുദ്ദീൻ**
**ഡോ.എം. കെ. മുനീർ**
**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് വ്യാപകമായി-ക്കൊണ്ടിരിക്കുന്ന പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പ്രതിദിനം പ്രതിരോധത്തിനായി ഒരു കർമ്മപദ്ധതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ടി പ്രവർത്തനങ്ങൾ ബഹു.മുഖ്യമന്ത്രി, ബഹു.ആരോഗ്യവകുപ്പ് മന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അവലോകനം ചെയ്യുകയും ഓരോ വകുപ്പും സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആരോഗ്യജാഗ്രതയ്ക്കായുള്ള പ്രവർത്തന രൂപരേഖ, പ്രവർത്തന കലണ്ടർ, വിവിധ വകുപ്പുകളുടെ ചുമതലകൾ, പ്രധാന പകർച്ചവ്യാധികളുടെ ഹോട്ട്സ്പോട്ടുകൾ, ജലദൗർലഭ്യ പ്രദേശങ്ങൾ, വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങൾ, തദ്ദേശീയ മലമ്പനി ബാധിത പ്രദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി കൈപ്പുസ്തകം തയ്യാറാക്കി. ആരോഗ്യ ശുചിത്വ സമിതികൾ പുന:സംഘടിപ്പിക്കുകയും യോഗം കൂടുകയും ചെയ്തു. അതോടൊപ്പം കൊതുകുറവിട നശീകരണ കാമ്പയിനും ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ ഉറപ്പുവരുത്തുന്ന ജലശക്തി കാമ്പയിനും നടത്തുകയും ചെയ്തു. കൂടാതെ പത്ര-ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി ബോധവത്കരണവും നടത്തി.<br>മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം, കാലാഅസർ, വയറിളക്കരോഗം, എലിപ്പനി, എച്ച്1എൻ1, കരങ്ങുപനി, ജപ്പാൻ ജ്വരം തുടങ്ങിയ |

→

രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**ബി)** ആരോഗ്യ ജാഗ്രത എന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**ബി)** ഉണ്ട്. 2018-ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പകർച്ചവ്യാധികളുടെ തോത് ഗണ്യമായി കുറയ്ക്കുവാനായത് 2018-ൽ നടത്തിയ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ വിജയമായി കണക്കാക്കാവുന്നതാണ്. എന്നിരുന്നാലും അപ്രതീക്ഷിതമായി ഉണ്ടായ നിപാ രോഗബാധയും പ്രളയദുരന്തവും മൂലം വിലപ്പെട്ട കുറെ ജീവനുകൾ നമുക്ക് നഷ്ടമായിട്ടുണ്ട്. ഈ വർഷവും പല പകർച്ചവ്യാധികളുടെയും നിരക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവായിട്ടാണ് കാണുന്നത്.

**സി)** ആരോഗ്യരംഗത്ത് കൂടുതൽ ജാഗ്രത പുലർത്തുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**സി)** 24/01/2019 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം നടത്തി. ജനുവരി - ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഫെബ്രുവരി 4-ന് രോഗപ്രതിരോധ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തി. തുടർന്ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനവും ആരോഗ്യ സന്ദേശയാത്രകളും സംഘടിപ്പിച്ചു. കീടനാശിനികളും കൂത്താടി നാശിനികളും വിതരണം ചെയ്തു. ആരോഗ്യ-പ്രവർത്തകർക്കും, ഡോക്ടർമാർക്കുമുള്ള ക്ലാസ്സുകൾ നൽകി. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ മന്ത്രിമാരുടെയും, സെക്രട്ടറിമാരുടെയും പങ്കാളിത്തത്തോടെ രണ്ടാമതു നടന്ന വകുപ്പുതല ഏകോപനയോഗം ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. തുടർന്ന് ജില്ലകളുടെ ചാർജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ ഇത്തരം യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിയോജക മണ്ഡലാടിസ്ഥാനത്തിലും തദ്ദേശ-സ്ഥാപനതലത്തിലും, വാർഡ് തലത്തിലുമൊക്കെ ഇതോടനുബന്ധിച്ച് യോഗങ്ങൾ നടത്തുകയും ആരോഗ്യ സേനയിൽ കൂടുതൽ പേരെ ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ

ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. മെയ് 9-ന് ബഹു.ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ സർവ്വേലൻസ് ഓഫീസർമാരുടെയും മെഡിക്കൽ കോളേജ് പീഡ് സെൽ(PEID Cell) ഡോക്ടർമാരുടെയും യോഗം നടത്തി. മെയ് 10-ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലകളിലെ ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർ-വൈസർമാരുമായി സൂപ്പർവൈസറി വീഡിയോ കോൺഫറൻസ് നടത്തി. മെയ് 11, 12 തീയതികളിൽ എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശുചീകരണ - കൊതുകുറവിട നശീകരണ കാമ്പയിൻ നടപ്പിലാക്കി. മെയ് 16-21 വരെ കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പയിൻ നടപ്പിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി മെയ് മാസത്തിൽ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന സർക്കുലർ നൽകുകയും ചെയ്തു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിലും നടത്തുന്ന പ്രതിവാര ഐ.ഡി.എസ്.പി യോഗങ്ങളിൽ പകർച്ചവ്യാധി വിവരങ്ങളും, രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യജാഗ്രതയുടെ പുരോഗതിയും അവലോകനം ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ